# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : T 1717 — 14/08/2017-ൽ മറുപടി നൽകിയത്

## പരിസ്ഥിതി ദിനാചരണത്തിനായുള്ള പരസ്യ ചെലവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) ഇക്കഴിഞ്ഞ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സർക്കാർ ചെയ്ത കാര്യങ്ങൾ വ്യക്തമാക്കാമോ; | (എ) | 2017 ലെ പരിസ്ഥിതി ദിനാചരണം വിപുലവും വൈവിധ്യപൂർണ്ണവുമായ പരിപാടികളോടെ ആചരിക്കുകയുണ്ടായി. 72.05 ലക്ഷം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. കുളങ്ങൾ, മറ്റ് ജലാശയങ്ങൾ , നദീതീരങ്ങൾ, പൊതുസ്ഥലങ്ങൾ , ബീച്ചുകൾ എന്നിവ ശുചിയാക്കുകയും പരിസ്ഥിതി ബോധവൽക്കരണ റാലി, ക്ലാസ്സുകൾ, പോസ്റ്റർ പ്രദർശനം, പുസ്തക പ്രദർശനം, വീഡിയോ പ്രദർശനം, പ്രശ്നോത്തരി എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. ആശുപത്രികൾ, റോഡുകൾ എന്നിവ ശുചീകരിച്ച് പ്ലാസ്റ്റിക് വിമുക്തമാക്കി. സർക്കാരിന്റെ അഭ്യർത്ഥന പ്രകാരം സന്നദ്ധസംഘടനകളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും സർക്കാർ ജീവനക്കാരുടെയും പങ്കാളിത്തത്തോടെ ഈ പരിപാടികൾ വൻവിജയമാക്കാൻ സാധിച്ചു. |
| ബി) പരിസ്ഥിതി ദിനാചരണത്തിന്റെ പ്രചരണത്തിനായി പത്രങ്ങളിൽ പരസ്യം ചെയ്യാൻ എത്ര രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കുമോ ; | (ബി)& (സി) | മാധ്യമസ്ഥാപനങ്ങൾ ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമെ തുക നൽകാറുള്ളൂ. നിലവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| സി) പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള പ്രചരണത്തിന് വേണ്ടി എത്ര രൂപ ചെലവാക്കിയെന്ന് അറിയിക്കാമോ; | | |
| ഡി) ഇക്കഴിഞ്ഞ പരിസ്ഥിതി ദിനാചരണ പ്രവൃത്തിയ്ക്ക് ആകെ ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ | (ഡി) | 14,51,521 രൂപ ചെലവഴിച്ചു. |

| | |
|---|---|
| ഇ) സ്കൂളുകളിൽ തൈകൾ വിതരണത്തിന് (ഇ) വേണ്ടി എത്തിച്ചിരുന്നോ; വിശദീകരിക്കാമോ? | വനം വകുപ്പിലെ സാമൂഹ്യവനവൽക്കരണ വിഭാഗം നഴ്സറികളിൽ നിന്നും വൃക്ഷത്തൈകൾ വിതരണം ചെയ്യുകയും ആയത് ടി സ്ഥലത്തുനിന്നും സ്കൂൾ അധികൃതർ നേരിട്ട് കൈപ്പറ്റുകയുമാണ് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ